## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4292 — 28.06.2012 -ലെ മറുപടിക്ക്.

### നാഷണൽ സർവ്വീസ് സ്കീം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. പി.ബി.അബ്ദുൾ റസാക് | ശ്രീ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| (എ) വിദ്യാഭ്യാസ മേഖലയിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം കൊണ്ടുണ്ടായ ഗുണപരമായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) നാഷണൽ സർവ്വീസ് സ്കീമിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനും, അവർക്ക് രാഷ്ട്ര സേവനത്തിൽ കൂടുതൽ താൽപര്യം ജനിപ്പിക്കാനും, സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ; | എൻ. എസ്. എസ്. വോളണ്ടിയർമാരുടെ എണ്ണം 157300 ൽ നിന്നും 173000 ആയി ഉയർത്തിയിട്ടുണ്ട്. രാഷ്ട്ര സേവന മനോഭാവം ജനിപ്പിക്കുന്നതിനായി നാഷണൽ സർവ്വീസ് സ്കീം സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്. |
| (സി) ഇതിനായി രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതി ഇതു സംബന്ധിച്ച് ശുപാർശകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ? | ഉണ്ട്. 15.02.2012 –ന് കൂടിയ സംസ്ഥാന ഉപദേശക സമിതിയുടെ ശുപാർശകൾ അനുബന്ധം ( 2) ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

(1) ഏഴു ദിവസത്തെ ഗ്രാമസേവന ക്യാമ്പുകളിലൂടെ ഗ്രാമങ്ങളിലെ പ്രശ്നങ്ങൾ അറിയുവാനും അതു പരിഹരിക്കുവാനും തങ്ങളാലാവുന്ന ശ്രമങ്ങൾ വോളണ്ടിയർമാർ നടത്തുന്നു.

(2) വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ വയോജന വിദ്യാഭ്യാസം, സൗജന്യ ട്യൂഷൻ, ഗ്രാമങ്ങളിൽ വായനശീലം വർദ്ധിപ്പിക്കുക, സ്വാശ്രയ ശീലം പഠിപ്പിക്കുവാൻ വേണ്ടി സ്വയം തൊഴിൽ പദ്ധതികളിൽ പരിശീലനം നൽകി വരുന്നു. ദുർവ്യയം, ആഡംബര പ്രവർത്തനങ്ങൾ ഇവക്കെതിരെയും ബോധവൽക്കരണം നടത്തുന്നുണ്ട്.

(3) ആരോഗ്യ പ്രവർത്തനങ്ങളിലൂടെ മയക്കു മരുന്ന് വിരുദ്ധ ബോധവൽക്കരണ പ്രചാരണ പരിപാടികൾ, പ്രതിരോധ കുത്തിവയ്പ്പുകൾ പ്രചരിപ്പിക്കുക, രക്തദാന, നേത്രദാന, അവയവദാന ബോധവൽക്കരണ ക്ലാസ്സുകളും, ക്യാമ്പുകളും, പോഷകാഹാര ബോധവൽക്കരണം തുടങ്ങിയവ നടപ്പാക്കുന്നു.

(4) കാർഷിക പ്രവർത്തനങ്ങൾ - പച്ചക്കറി തോട്ട നിർമ്മാണം, ഔഷധ തോട്ട നിർമ്മാണം, സാമൂഹ്യ വനവത്ക്കരണം, ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത, മാലിന്യങ്ങൾ ജൈവവളമാക്കുന്നതിനുള്ള പരിശീലനം എന്നിവ നടപ്പാക്കുന്നു.

(5) സാംസ്ക്കാരിക പരിപാടികൾ

(6) പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്ന നിർമ്മാണപദ്ധതികൾ - ഭവന നിർമ്മാണം, ഗ്രാമീണ റോഡു നിർമ്മാണം, കക്കൂസ്സുകൾ നിർമ്മാണം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ തുടങ്ങിയവ നടപ്പാക്കി വരുന്നു.

(7) ദേശീയ ദിനാഘോഷങ്ങൾ ആചരിക്കുക

(8) അന്തർ സംസ്ഥാന ദേശീയോദ്ഗ്രഥന ക്ലാസുകൾ.

(9) പ്രീ – റിപ്പബ്ലിക് ദിന പരേഡ് ക്യാമ്പുകൾ, റിപ്പബ്ലിക് ദിന പരേഡ് ക്യാമ്പുകൾ.

(10) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ - ഉറവിടത്തിൽ വച്ചു തന്നെ മാലിന്യം സംസ്ക്കരിക്കുക തുടങ്ങിയവ. കൊതുകു നശീകരണം, പ്ലാസ്റ്റിക് വിരുദ്ധ പ്രചാരണ പരിപാടികളും, പ്ലാസ്റ്റിക്കിന് ബദൽ ആയി പേപ്പർ ബാഗ്, തുണി സഞ്ചി തുടങ്ങിയവയുടെ പ്രചാരണവും ഏറ്റെടുത്തു വരുന്നു.

## അനുബന്ധം 2

പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ, ഹരിതവൽക്കരണ പദ്ധതികൾ, ലഹരിവിമുക്ത പദ്ധതികൾ, ഊർജ്ജ സംരക്ഷണ പരിപാടികൾ, റാഗിങ് വിരുദ്ധ പരിപാടികൾ, പ്രഥമ ശുശ്രൂഷാ പരിശീലന പരിപാടികൾ, സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, സ്നേഹത്തുള്ളികൾ (രക്തദാന ക്യാമ്പയിൻ) ദർശനം ( നേത്രദാന പദ്ധതി ) ഭവന രഹിതർക്ക് ഭവനം ( സഹപാഠിക്കൊരു വീട്) 12 ഇന സംസ്ഥാന തല എൻ.എസ്.എസ്. പരിപാടികൾ - മുതലായവ നടപ്പിലാക്കുവാൻ തീരുമാനിച്ചു. കൂടാതെ (1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പിൻതുണയോടെ കൂടുതൽ എൻ.എസ്.എസ്. യൂണിറ്റുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുടങ്ങുവാൻ തീരുമാനിച്ചു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. (2) എൻ. എസ്. എസ്. പരിപാടികൾ വിലയിരുത്തുന്നതിനായി ഒരു അക്കാദമിക് ഓഡിറ്റ് കമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു. (3) സംസ്ഥാനത്ത് കൂടുതൽ ശക്തമായ പ്രവർത്തനം ലക്ഷ്യമാക്കിയുള്ള പഠനത്തിനായി 4 മുതൽ 5 വരെ അംഗങ്ങളുള്ള ഒരു കമ്മിറ്റിയെ നിയോഗിക്കുവാനും തീരുമാനിച്ചു.